**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1692** **05-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് 16/06/2018 – ലെ സർക്കാർ ഉത്തരവ് നമ്പർ GO (MS) 1131/2017 HEdn പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും പ്രഖ്യാപിച്ചിരുന്നു. കോളേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഈ സാമ്പത്തിക വർഷം സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2202-03-103-50 ശീർഷകത്തിൽ 20 കോടി രൂപയും 4202-01-203-72 ശീർഷകത്തിൽ 30 കോടി രൂപയും അടിസ്ഥാന സൗകര്യങ്ങളുടെ നിലനിൽപ്പും നവീകരണവും ശീർഷകത്തിൽ 14 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി വിഹിതം ഉപയോഗിച്ച് പൂർത്തിയാക്കാൻ കഴിയത്തക്ക വിധത്തിൽ പര്യാപ്തമായ തുക അനുവദിക്കുന്നതാണ്.<br><br>കേരളത്തിലെ സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 'Infrastructural Grants to Colleges' എന്ന കമ്പോണന്റിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസാ) സംസ്ഥാന പദ്ധതി കാര്യാലയത്തിൽ നിന്നും രണ്ട് ഘട്ടമായി പദ്ധതികൾ നടപ്പിലാക്കി തുടർന്നു വരുന്നു. റൂസാ ഒന്നാം ഘട്ടത്തിൽ (റൂസാ ഫേസ് -1) രണ്ട് കോടി രൂപ വീതം 22 സർക്കാർ കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസന ഗ്രാന്റ് അനുവദിച്ച് വിതരണം ചെയ്തു. റൂസാ രണ്ടാം ഘട്ടത്തിൽ (റൂസാ ഫേസ് - 2) 13 സർക്കാർ |

| | | | |
|---|---|---|---|
| | | | കോളേജുകൾക്ക് രണ്ട് കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസന ഗ്രാന്റ് അനുവദിക്കുകയും ആയതിൽ ഒരു കോടി രൂപ വീതം വിതരണം ചെയ്യുകയും ചെയ്തു. നിർമ്മാണം (Construction) പുനരുദ്ധാരണം (Renovation) സാധന സാമഗ്രികളുടെ വാങ്ങൽ (Purchase) എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത ഗ്രാന്റ് അനുവദിച്ചത്.<br><br>റൂസാ ഒന്നാം ഘട്ടത്തിൽ 14 സർക്കാർ കോളേജുകൾ പദ്ധതി നിർവ്വഹണം പൂർത്തിയാക്കി. 8 സർക്കാർ കോളേജുകളിൽ ആയത് അന്തിമ ഘട്ടത്തിലാണ്. റൂസാ രണ്ടാം ഘട്ടത്തിൽ 13 സർക്കാർ കോളേജുകളിൽ പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്.<br><br>ഇക്വിറ്റി ഇനിഷ്യറ്റീവ് (Eqiuity Initiatives) എന്ന കമ്പോണന്റിൽ ഉൾപ്പെടുത്തി 2.5 കോടി രൂപ മൊത്തം പദ്ധതി ചെലവിൽ റൂസാ ഒന്നാം ഘട്ട പദ്ധതിയിൽ 27 സർക്കാർ കോളേജുകളിൽ "വിമൻ അമിനിറ്റി സെന്ററുകൾ" അനുവദിക്കുകയും 26 സർക്കാർ കോളേജുകളിലും ആയത് പൂർത്തിയാക്കി കൈമാറുകയും ചെയ്തു. ഒരു കോളേജിൽ പ്രസ്തുത പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ